"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് - കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) - ന് 2022-23 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 10,00,000/- രൂപയിൽ 1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സൈനിക ക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.20/2023/SWD തീയതി,തിരുവനന്തപുരം, 28-03-2023

---

പരാമർശം:-
1. 16.06.2022 ലെ സ. ഉ (സാധാ) നം.34/2022/ സൈ .ക്ഷേ. വ നമ്പർ ഉത്തരവ്.
2. 17.11..2022 ലെ സ. ഉ (സാധാ) നം.57/2022/ സൈ .ക്ഷേ. വ നമ്പർ ഉത്തരവ്.
3. കെക്സ്കോൺ മാനേജിംഗ് ഡയറക്ടറുടെ 21.01.2023 ലെ 501/Projeect/KEXCON/2023 നമ്പർ കത്ത്.

ഉത്തരവ്

കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ)-ന് 2022-23 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ "4235-02-190-96-വിമുക്തഭടന്മാരുടെ വികസനത്തിനും പുനരധിവാസത്തിനുമുള്ള കോർപ്പറേഷൻ ഓഹരി മൂലധന അംശദാനം" എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10,00,000/-രൂപ കെക്സ്കോൺ നീതി മെഡിക്കൽസ് മൂന്നാം ഘട്ടം നടപ്പിലാക്കുന്നതിനായുള്ള സർക്കാർ വിഹിതമായി അംഗീകരിച്ച് പരാമർശം(1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയുടെ ആദ്യ ഗഡുവായി 5,00,000/- രൂപ പരാമർശം (2) പ്രകാരം കെക്സ്കോണിന് അനുവദിച്ചിരുന്നു. ബാക്കി നിൽക്കുന്ന 5,00,000/-രൂപ രണ്ടാം ഗഡുവായി അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കെക്സ്കോണിന് 2022-23 സാമ്പത്തിക വർഷം

"4235-02-190-96- വിമുക്തഭടന്മാരുടെ വികസനത്തിനും പുനരധിവാസത്തിനുമുള്ള കോർപ്പറേഷൻ ഓഹരി മൂലധന അംശദാനം" എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10,00,000/-രൂപയിൽ **1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)** രണ്ടാം ഗഡുവായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ). 16.04.2018 ലെ സ.ഉ (പി) നം.62/18/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

(ബി). 09.12.2008 ലെ സർക്കുലർ നം.84/2008/ധന യിലെയും 30.01.2018 ലെ സർക്കുലർ നം.08/2018/ധന യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

(സി). അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020 ലെ സ. ഉ (കൈ)നം 04/2020/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

(ഡി) 11.09.2020 ലെ സ. ഉ (കൈ)നം. 93/2020/ധന നമ്പർ ഉത്തരവ് പ്രകാരം ഓഡിറ്റ് ചാർജ് കുടിശ്ശികയില്ലെന്ന സർട്ടിഫിക്കറ്റും ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

(ഇ) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൌണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

3. പ്രസ്തുത തുക കെക്സ്കോണിന് റിലീസ് ചെയ്തു നൽകുന്നതിനുള്ള നടപടി സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, തൈക്കാട്, തിരുവനന്തപുരം
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ ,തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(എ& ഇ) കേരള, തിരുവനന്തപുരം.
5. ധനകാര്യ (പി യു -സി)വകുപ്പിന് (10.03.2023ലെ 2356196/PU-C3/2023/Fin) നമ്പർ കുറിപ്പ് പ്രകാരം.

6. സബ്ബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
7. ഇൻഫർമേഷൻ ഓഫീസർ ,വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി
8. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ